
ഒക്ടോബർ 2017 വാല്യം 56 ലക്കം 10

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# ദൈവരാജ്യം





*Patron*
Mar George Madathikandathil
Bishop of Kothamangalam

*Editor, Printer & Publisher*
Rev. Dr. George Thekkekara

വാല്യം 56
ഒക്ടോബർ 2017
ലക്കം 10



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


5 ലോകമിഷൻ ഞായർ സർക്കുലർ 2017
11 രൂപതക്കച്ചേരി
13 മൈനർ സെമിനാരി
14 വിജ്ഞാനഭവൻ
19 വിദ്യാഭ്യാസം
19 സോഷ്യൽ സർവീസ്
20 ചെറുപുഷ്പ മിഷൻലീഗ്
20 കെ. സി. എസ്. എൽ.
22 ഫാമിലി അപ്പോസ്റ്റലേറ്റ്
24 ഡി. എഫ്. സി.
26 മാതൃവേദി
27 ഡി. സി. എം. എസ്.
28 എ. കെ. സി. സി.
28 ഇൻഫാം
29 പ്രാർത്ഥനാഗ്രൂപ്പ്
31 അല്മായ ഫ്രാൻസിസ്കൻ സഭ
32 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
33 കേരള ലേബർ മൂവ്മെന്റ്
33 നെസ്റ്റ് പ്രോഗ്രാം
33 തിരുനാൾ മംഗളങ്ങൾ
34 രൂപതാദ്ധ്യക്ഷന്റെ ഡയറി
36 **Bishop's Engagements**
37 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
37 നിര്യാതരായി

# ഓർമ്മിക്കാൻ

**1-2** KCYM Convention

**4-6** Pre-Marriage Course

**14** രൂപതാ സംഘടന നേതൃസംഗമം

**18-20** Pre-Marriage Course

**22** Mission Sunday

# തിരുനാളുകൾ

- 1 St. Therese of Lisieux
- 2 Guardian Angel
- 4 St. Francis of Assisi
- 14 St. Teresa of Avila
- 16 Bl. Kunjachan
- 17 St. Ignatius of Antioch
- 18 St. Luke
- 28 Sts Simon & Jude Thaddaeus

Ref: 3036/K-5/KCBC/OL/DS 16.9.2017

# ലോകമിഷൻ ദിനസന്ദേശം – 2017

## *പ്രേഷിതത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ*
## ഫ്രാൻസിസ് മാർപാപ്പാ

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ യേശുവിന്റെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലീ നൂൺസ്യാന്തി, 7) അവിടന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് ക്രിസ്തുവിന്റെ സഭയാകാൻ സാധിക്കുകയില്ല. വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്തിലാണ് സഹോദരങ്ങളെ കൊന്നൊടുക്കുന്ന, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്? നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലികസമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?

**വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മകശക്തിയും പ്രേഷിതപ്രവർത്തനവും**

1. സന്മനസ്സുള്ള സർവ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരി

വർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്വാർത്തയാണ്. എന്തെന്നാൽ അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടും കൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യം അനുഭവിച്ചറിയുന്നു. അവിടത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പിതാവായ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽ നിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

2. പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ 4:23-24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ യേശുവിനെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. “ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം” (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, IV, 20, 7) അങ്ങനെ സുവിശേഷപ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10-11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന യേശുക്രിസ്തു (cf യോഹ 1:14).

### പ്രേഷിതത്വവും ക്രിസ്തുവിന്റെ കൈറോസും

3. അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ യേശുക്രിസ്തു തന്നെ സുവി

ശേഷവത്കരണവും പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ – രക്ഷയുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ ക്രിസ്തു സുവിശേഷപ്രഘോഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടും കൂടി അവിടത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും ഫലപുഷ്ടമാക്കുന്നത് – മഴ ഭൂമിയെ എന്നപോലെ തന്നെ. "അവിടത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നിക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്" (*എവാഞ്ചെലീ നൂൺസ്യാന്തി* 276).

4. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായമായ മാർഗനിർദേശവും തരുന്നു" ബെനഡിക്റ്റ് 16-ാമൻ, *ദേവൂസ് കാരിത്താസ് എസ്ത്*, 1). സുവിശേഷം ഒരു വ്യക്തിയാണ്. അവിടന്ന് അവിടത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവിടത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.

മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീരുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെടുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണപരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമനത്തിനും വേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടിക്കാണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടിയുള്ള ഭക്ഷണമായിത്തീരുന്നു. അത് "അമർത്ത്യതയുടെ ഔഷധ

മാണ്" (അന്തോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

5. യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിനു ജീവപരമായ ആവശ്യമാണ്. യേശുക്രിസ്തു സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവുകൾ വച്ചുകെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തിക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരിയുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മിക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന ക്രിസ്തുവിന്റെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?" ക്രൂശിതനായ ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരുടെ വിലാപത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജനങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അളവറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോഭാവത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്രവാദത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളിവുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരുടെയിടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

**പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു**

6. സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മികതയാൽ സജീവമാക്കപ്പെടുന്നു. "സുവിശേഷത്തിന്റെ പ്രകാശം ആവശ്യമായിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ" (*എവാഞ്ചെലീ നൂൻസ്യാന്തി,* 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷിതത്വം

നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ചരിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിരമായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്രവാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭവനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

7. സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല എന്ന് സഭയുടെ പ്രേഷിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ വിനീതമായ ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കുന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയടയുന്ന ഒരു സഭ ക്രിസ്തുവിന്റെ സഭയല്ല അവിടത്തെ ക്രൂശിതവും മഹത്ത്വപൂർണവുമായ ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് "തെരുവുകളിലായിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ വേദനിപ്പിക്കുന്നതും മാലിന്യമുള്ളതുമായ സഭയെ സ്വയം അടച്ചുപൂട്ടിയിരിക്കുന്നു. സ്വന്തം രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുതലായി നാം ഇഷ്ടപ്പെടുന്നത് (അവിടെത്തന്നെ, 49).

**യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ**

8. യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. യേശുക്രിസ്തു എന്ന വ്യക്തിയും അവിടന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. "ലോകത്തിലെ തിന്മകളെ നേരിടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്കളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപരിക്കുന്നു...യുവജനം തെരുവീഥികളിൽ വചനപ്രഘോഷകരായിരിക്കുന്നതു കാണുക എത്ര സുന്ദരമാണ്! അവർ സന്തോഷപൂർവം ഓരോ തെരുവിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും അവർ യേശുവിനെ സന്തോഷപൂർവം അവതരിപ്പിക്കുന്നു." (അവിടെ

ത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം 2018-ൽ നടക്കും. അതിന്റെ പ്രമേയം *യുവജനം, വിശ്വാസ വും, വിളിപരമായ തിരിച്ചറിയലും* എന്നാണ്. അത് ദൈവനിശ്ചിത മായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തരവാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷിതത്വത്തിന് അവരുടെ ഭാവ നാശക്തിയും സർഗാത്മകതയും ആവശ്യമാണ്.

## പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം

9. എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാനുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവസമൂഹത്തിലും ഉണർത്തുവാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈ റ്റികൾ. അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധമായ ആധ്യാ ത്മികതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനിപ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാന്മാരും സന്ന്യാസി നീസന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു. വിശ്വാസ പ്രചരണസംഘം നിർദേശി ക്കുന്ന ലോകമിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്തസമൂഹങ്ങ ളിൽ പ്രാർത്ഥനയിലും ജീവിതസാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കു വയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബ ന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്നവിധം പ്രവർത്തിക്കാൻ തന്നെ.

## സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം

10. പ്രിയ സഹാദരീസഹാദരന്മാരേ, നമ്മുടെ ദൗത്യനിർവഹണ ത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാ സത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ സദ് വാർത്ത പ്രതിധ്വനിക്കുക അത്യാ വശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് “ഞാൻ സമ്മതിക്കുന്നു”

എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻമേൽ വിജയം വരിക്കുന്ന സദ്വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017, പെന്തക്കുസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# രൂപതക്കച്ചേരി

## C. *91/2107* മിഷൻ ഞായർ

ഒക്ടോബർ 22-ാം തീയതി ആഗോളതലത്തിൽ മിഷൻ ഞായർ ആഘോഷിക്കുകയാണല്ലോ. സ്വഭാവത്താൽതന്നെ പ്രേഷിതയായ സഭയിൽ ഈശോമിശിഹായുടെ പ്രേഷിതരാണ് നാമോരോരുത്തരുമെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും പ്രാർത്ഥന, ധനസഹായം, പരിത്യാഗപ്രവർത്തികൾ എന്നിവവഴി മിഷൻപ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് കടമയുണ്ടെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന അവസരമാണ് മിഷൻ ഞായർ. മിഷൻരംഗത്ത് പീഡനം അനുഭവിക്കുന്ന നമ്മുടെ പ്രേഷിതരെ പ്രാർത്ഥനയും പ്രോത്സാഹനവുംവഴി നമുക്ക് സഹായിക്കാം.

*Bishop*

## *C. 92/2107* ഒക്ടോബർ മാസത്തിലെ ജപമാല

ജപമാല മാസമായ ഒക്ടോബർ മാസം കുടുംബങ്ങളിലെന്നപോലെ കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ആഘോഷമായി ജപമാല ചൊല്ലുന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. പരി. അമ്മ വഴിയായി ധാരാളം അനുഗ്രഹം ഏവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Bishop*

### C. 93/2107 അജപാലനസന്ദർശനം

ഒക്ടോബർ 1 – തൊമ്മൻകുത്ത്
ഒക്ടോബർ 8 – പെരിങ്ങുഴ
ഒക്ടോബർ 15 – വെളിയേൽച്ചാൽ
ഒക്ടോബർ 22 – തൊടുപുഴ ഈസ്റ്റ്

*Bishop*

### C. 94/2107 കുർബാനക്കണക്കും കുമ്പസാരപത്തേന്തിയും

പരിശോധനയ്ക്കായി കുർബാന കണക്കും പുതുക്കുന്നതിനായി കുമ്പസാരപത്തേന്തിയും ഏല്പിച്ചിട്ടില്ലാത്ത വൈദികർ എത്രയും വേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

*Bishop*

### C. 95/2107 നേതൃസംഗമം

രൂപതയിലെ മുഴുവൻ സംഘടനകളുടെയും രൂപതാതല ഭാരവാഹികളുടെ സംഗമം ഒക്ടോബർ 14 ശനിയാഴ്ച 3.00 pm ന് ബിഷപ് ഹൗസിൽ കൂടുന്നതാണ്. അഭിവന്ദ്യപിതാവ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ CML, KCYM, മാതൃവേദി, ഫാമിലി അപ്പോസ്തലേറ്റ്, DFC, AKCC, Infarm, Teacher's guild, Catechism രൂപതാ ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.

*Protosyncellus*

### C. 96/2107 ദീപിക ദിനാചരണം

എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും "നമ്മുടെ പത്രമായ ദീപിക" എന്ന ലക്ഷ്യം സാക്ഷാത്കാരത്തിനായി എല്ലാ ഇടവകകളിലും ഡി.എഫ്.സി. രൂപതാ ഘടകത്തിന്റെ നിർദ്ദേശമനുസരിച്ച് "ദീപിക ദിനാചരണ"ങ്ങൾ നടത്തുമല്ലോ. ഒരു ഞായറാഴ്ച തന്നെ ഇടവകയിലെ എല്ലാ ഭവനങ്ങളിലും ഫാമിലി അപ്പോസ്തലേറ്റ്, പാരിഷ് കൗൺസിൽ, വിവിധസംഘടനാ ഭാരവാഹികൾ, ദീപിക സ്റ്റാഫ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ഭവനങ്ങൾ സന്ദർശിച്ച് വരിക്കാരെ കണ്ടെത്തുകയാണ് ദീപിക ദിനാചരണം എന്നതുകൊണ്ട് ലക്ഷ്യമിടുക. സാധിക്കുന്നത്ര ഇടവകകൾ 'സമ്പൂർണ്ണ ദീപിക ഇടവക'കൾ ആക്കുവാൻ വികാരിയച്ചന്മാർ നേതൃത്വം കൊടുക്കുമല്ലോ.

*Protosyncellus*

## *C. 97/2107* Monthly Recollection for Priests

Read in common Nos. 671-680 of the Catechism of the Catholic Church.

*Protosyncellus*

## *C. 98/2107* കുർബാന നിയോഗങ്ങൾ

സെപ്റ്റംബർ മാസത്തിലെ ധ്യാനത്തിൽ പങ്കെടുക്കാത്തവർ താഴെ പറയുന്ന നിയോഗങ്ങളിൽ കുർബാന അർപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇത് ബൈനേഷൻ കുർബാനയല്ല എന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ.

| | | |
|---|---|---|
| രൂപതയിലെ വൈദികർക്കായി | – | 1 |
| അഭിവന്ദ്യ പിതാവിന്റെ നിയോഗങ്ങൾക്കായി | – | 4 |

(ഉപവിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന്).

ധ്യാനത്തിൽ പങ്കെടുത്തവർ 5 കുർബാന കൂടി ചൊല്ലണമെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

*Chancellor*

# മൈനർ സെമിനാരി

## *MS. 30 /2017* ദൈവവിളി ക്യാമ്പ്

ഓണാവധിയോടനുബന്ധിച്ചുള്ള ദൈവവിളി ക്യാമ്പ് സെപ്തംബർ 6, 7 തിയതികളിൽ മൈനർ സെമിനാരിയിൽ വച്ച് നടന്നു. 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന 17-ഓളം കുട്ടികൾ പങ്കെടുത്തു. ക്യാമ്പിലേയ്ക്ക് കുട്ടികളെ പറഞ്ഞയച്ച ബഹു. അച്ചന്മാർക്ക് പ്രത്യേകം നന്ദി.

## *MS. 31 /2017* ഓണാഘോഷം

അത്തപ്പൂക്കളത്തിന്റെയും ഓണക്കളികളുടെയും അകമ്പടിയോടെ മൈനർ സെമിനാരിക്കാർ ഓണം ആഘോഷിച്ചു. പുലികളിയും ഓണപ്പാട്ടുകളും മാവേലിമന്നന്റെ വരവിനെ മനോഹരമാക്കി. അഭിവന്ദ്യ പിതാവിനോടും ബഹുമാനപ്പെട്ട ജനറാളച്ചന്മാരോടും മറ്റു വൈദികരോടുമൊപ്പമുള്ള ഓണസദ്യയും ആസ്വാദ്യകരമായിരുന്നു.

## *MS 32 /2017* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | Joseph Thomas Avirappattu, Velielchal | ₹ | 3,000 |
| 2 | Annakutty Areeckal, Vazhakulam | ₹ | 10,000 |
| 3 | K.O.Jose Kizhakkelayil, Neyyassery | ₹ | 25,000 |

| | | | |
|---|---|---|---|
| 4 | St. Mary's Forane Church, Arakuzha | ₹ | 75,000 |
| 5 | Shiju Joseph Cherkottu, Anicadu | ₹ | 25,000 |
| 6 | A benefactor | ₹ | 5,000 |
| 7 | Joy Chettiparambil, Nediasala | ₹ | 25,000 |
| 8 | CML, Neendapara | ₹ | 2,000 |
| 9 | Dr. Benny Augustine, Thodupuzha | ₹ | 1,000 |
| 10 | A Benefactor | ₹ | 2,000 |
| 11 | Bijoy Mathew Kalapura, Nediyasala | ₹ | 25,000 |
| 12 | Bindu Suji, Vattakudiyil, Njarakkad | ₹ | 25,000 |
| 13 | St. Antony's Church, Nedungapra | ₹ | 10,000 |
| 14 | George Peter Parankimalil, Nellimattom | ₹ | 5,000 |
| 15 | A Benefactor | ₹ | 25,000 |

*Rector*

# വിജ്ഞാനഭവൻ

## *V. 94 /2017* ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 8-ന്

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 8 ഞായറാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

I മുതൽ IX വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും X ൽ ഒന്നാം പാഠം മുതൽ ഒമ്പതാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ എട്ടു വരെയുമുള്ള പാഠങ്ങളുമാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും, നമസ്കാരങ്ങളെ സംബന്ധിച്ചും, ബൈബിൾ ഭാഗങ്ങളിൽ നിന്നും, പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 7-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

| | |
|---|---|
| Std. I - IX Classes | 11.00 am -1.00 pm |
| Std X, XI, XII Classes | 2.00 pm - 4.00 pm |

**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളും മാർക്കെഴുതിയ B list -ഉം മേഖലാ കേന്ദ്രത്തിൽ ഒക്ടോബർ 20 വെള്ളിയാഴ്ച മാത്രം എത്തിക്കുക.** വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്.

NB. 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

## *V. 95 /2017* PTA **സെമിനാർ**

ഈ വർഷത്തെ PTA സെമിനാർ ഒക്ടോബർ 22-ാം തിയതി ഞായറാഴ്ച നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. PTA പ്രസിഡിന്റ്, വൈസ് പ്രസിഡന്റ്, MPTA മെമ്പർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇവർക്ക് അസൗകര്യം ഉണ്ടെങ്കിൽ മറ്റു മെമ്പർമാരെ വിടാവുന്നതാണ്. സെമിനാർ രാവിലെ 9.30 -ന് വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകിട്ട് 3.30-ന് അവസാനിക്കുന്നതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം ഉണ്ടായിരിക്കും. ഒക്ടോബർ 10-ന് മുമ്പായി പങ്കെടുക്കുന്നവരുടെ പേര് നൽകേണ്ടതാണ്.

## *V. 96/2017* **വിശ്വാസപരിശീലക ദിനം**

വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനം നവംബർ 4 ശനിയാഴ്ചയാണ്. 5-ാം തീയതി ഞായറാഴ്ച വിശ്വാസപരിശീലക ദിനമായി ആചരിക്കാവുന്നതാണ്. വിശ്വാസപരിശീലകർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലന ശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും ബോധവത്കരിക്കാനുമുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസപരിശീലകർ തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

## *V. 97 /2017* **Short Film Competition**

Short Film മത്സരത്തിന് പേരു നൽകാനുള്ള അവസാന തീയതി ഒക്ടോബർ 15 ആണെന്ന് ഓർമ്മിക്കുമല്ലോ.

## *V. 98 /2017* **ഓർഡർ ഫോം**

വിശ്വാസോത്സവം, സൺഡേ സ്കൂൾ, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ ഫോം ഒക്ടോബർ 10-ാം തീയതിയ്ക്കകം വിജ്ഞാനഭവൻ ഓഫീസിൽ കിട്ടത്തക്ക രീതിയിൽ അയയ്ക്കണം. ഓൺലൈൻ വഴിയും അയയ്ക്കാവുന്നതാണ്. **10-ാം തീയതിക്കുശേഷം ലഭിക്കുന്ന ഓർഡറുകൾക്ക് കമ്മീഷൻ ലഭിക്കുന്നതല്ല.**

## *V. 99 /2017* വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1 മുതൽ 421 വരെയുള്ള നമ്പറുകൾ, "വഴിതെറ്റാത്ത വിശ്വാസം" എന്ന പുസ്തകം ഇവയാണ് പാഠഭാഗങ്ങൾ. ഉപപാഠപുസ്തകത്തിലെ പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**ചോദ്യങ്ങളുടെ മാതൃക.**

| | | |
|---|---|---|
| **ആകെ മാർക്ക്** | – | **50** |
| ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുക്കുക | – | 10 |
| ഉചിതമായത് പൂരിപ്പിക്കുക | – | 10 |
| ഒറ്റവാക്കിൽ ഉത്തരമെഴുതുക | – | 10 |
| ചേരുംപടി ചേർക്കുക | – | 5 |
| ബൈബിൾ വാക്യം (പാഠപുസ്തകത്തിൽനിന്നു മാത്രം) | – | 5 |
| ഒരു വാക്യത്തിൽ ഉത്തരമെഴുതുക | – | 10 |

**ഇടവകതലം : 2017 ഒക്ടോബർ 15 ഞായർ**
**സമയം : 12.00 noon - 1.00 p.m.** (അതാത് ഇടവകകളിൽ).
**രൂപതാതലം : 2017 ഡിസംബർ 9 ശനി**
**സമയം : 10.30 a.m. - 12.00 noon.**
**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസുകളും വിജയികളായവരുടെ പേരും, ഒക്ടോബർ 20-ാം തീയതി (20-ാം തീയതി മാത്രം) മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ മറ്റുദിവസങ്ങളിലും എത്തിക്കാവുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്. ചോദ്യപേപ്പറുകൾ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്. ചോദ്യപേപ്പറുകൾ വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്.

## *V. 100 /2017* വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം

**"യാക്കോബ് 2:17"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തി

ക്കേണ്ട അവസാനതീയതി 2017 ഒക്ടോബർ 30 ആണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്.

## *V. 101 /2017* കവിതാരചന

ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. "സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് പരമപ്രധാനം (ഗലാ.5:6)" എന്നതാണ് വിഷയം. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ 2017 ഒക്ടോബർ 30 -ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

## *V. 102 /2017* പ്രൈവറ്റ് രജിസ്ട്രേഷൻ, കോൺടാക്റ്റ് ക്ലാസ്സ് സ്ലിപ്പ്

പ്രൈവറ്റായി രജിസ്റ്റർ ചെയ്ത 11, 12 ക്ലാസ്സിലെ കുട്ടികൾക്കായി സെപ്തംബർ 9-ാം തീയതി നെസ്റ്റിൽ വച്ച് നടന്ന കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുത്തവർക്ക് HM-നെ ഏല്പിക്കാൻ ഒരു സ്ലിപ്പ് കൊടുത്തുവിട്ടിട്ടുണ്ട് (വിജ്ഞാനഭവന്റെ പകുതിസീൽ ഉള്ള). സ്ലിപ്പ് തരാത്തവർക്ക് ഇന്റേണൽ മാർക്ക് കൊടുക്കരുത്. ധ്യാനം കൂടിയ സർട്ടിഫിക്കറ്റിന്റെ കോപ്പി HM-നെയും ഒറിജിനൽ വിജ്ഞാനഭവനിലും ഏല്പിക്കേണ്ടതാണ്.

## *V. 103 /2017* SMC അവാർഡ് 2017-18 റീജണൽ തിരഞ്ഞെടുപ്പ്

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. താഴെ പറയുന്ന ക്രമത്തിലായിരിക്കും അത് നടത്തുന്നത്.

**A ഇടവകതലം**

വിദ്യാർത്ഥിയുടെ വിശ്വാസപരിശീലനനിലവാരം, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗതകഴിവുകൾ, സാമൂഹ്യപ്രതിബദ്ധത എന്നിവ കണക്കിലെടുത്ത് ഇടവകയിലെ മികച്ച രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും തെരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാതലത്തിലേക്ക് അയയ്ക്കുന്നു. **രൂപതാകേന്ദ്രത്തിൽ സാക്ഷ്യപത്രം നൽകുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 21 ആണ്.**

**B രൂപതാതലം**

രൂപതാതലത്തിൽ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശില്പശാലയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളെയും പെൺകുട്ടികളെയും രൂപതാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി സഭാതലത്തിലേക്ക് അയയ്ക്കുന്നു. രൂപതാതല സെമിനാർ 2017 നവംബർ 11-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്.

**C സഭാതലം**

രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടു വരുന്നവർക്കായി സഭാസമിതിയുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു.

N.B. **പ്രൈവറ്റ് രജിസ്ട്രേഷൻ ആയി പരീക്ഷ എഴുതുന്ന കുട്ടികളെ ക്യാമ്പിന് വിടേണ്ടതില്ല.**

**SMC അവാർഡ് രജിസ്ട്രേഷനുള്ള ഫോം ഫയലിൽ ഉണ്ട്.**

*V. 104 /2017* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയായവർ തങ്ങളുടെ ഫയലിൽ തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് ഒക്ടോബർ 15-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധിക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പി ഇല്ലാത്തവ സ്വീകരിക്കുന്നതല്ല. സർവീസ് ബുക്കിൽ ഫോട്ടോ പതിച്ച പേജ്, വികാരിയച്ചൻ ഒപ്പിട്ട പേജ് എന്നിവ ഉണ്ടായിരിക്കണം.

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി

## *Edn. 37 /2017* കൊന്തനമസ്ക്കാരം

ഒക്ടോബർ മാസത്തിൽ നടത്തിവരുന്ന ജപമാല പ്രാർത്ഥന എല്ലാ സ്കൂളുകളിലും സജീവമായും ആത്മീയ ഉണർവ് പകരുന്ന രീതിയിലും നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

## *Edn. 38 /2017* പ്രഥമാദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്

ഈ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ട ഫാറങ്ങൾ യഥാസമയം തന്നെ പൂരിപ്പിച്ച് തരണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. ഓരോന്നിന്റേയും കോപ്പികൾ പറഞ്ഞിരിക്കുന്നത്ര എണ്ണം ഉണ്ടായിരിക്കണം.

1. M.G. Application 3 Copy 30-8-2017 -നു മുൻപ്
2. F.C. Application 3 Copy 31-12-2017 -നു മുൻപ്
3. Annual Report 3 Copy 15-1-2018 -നു മുൻപ്

## *Edn. 39 /2017* Catechism/ Moral Science Text Books

അടുത്ത അദ്ധ്യായനവർഷത്തിൽ സ്കൂളുകളിൽ Std I മുതൽ Std XII വരെ ക്ലാസുകളിലേക്ക് ആവശ്യമായ Catechism/ Moral Science പുസ്തകങ്ങളുടെ ഓർഡർ ഇതുവരെ നൽകാത്തവർ ഒക്ടോബർ 10 -നു മുൻപ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന ഓർഡറുകൾക്ക് കമ്മീഷൻ ലഭിക്കുന്നതല്ല.

*Secretary*

# സോഷ്യൽ സർവീസ്

## *SS. 20 /2017* ആശാകിരണം സഹായം വിതരണം ചെയ്തു

ആശാകിരണം കാൻസർ സുരക്ഷാപദ്ധതി വഴി 2017 ഓഗസ്റ്റ് മാസം 85 രോഗികൾക്കായി 3,61,000 രൂപ ചികിത്സാ സഹായമായി നല്കുവാൻ സാധിച്ചു.

*Director*

# ചെറുപുഷ്പമിഷൻലീഗ്

## *CML 54 /2017* മിഷൻ സപ്തതി മഹോത്സവറാലി

70-ാം വയസിലെത്തിയ നമ്മുടെ സംഘടനയുടെ സപ്തതി ആഘോഷങ്ങളോടനുബന്ധിച്ച് കോതമംഗലം രൂപതാ മിഷൻലീഗ് ഒരുക്കുന്ന "മിഷൻ സപ്തതി മഹോത്സവറാലി 2017" ഒക്ടോബർ 18 ബുധനാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് തൊടുപുഴ ന്യൂമാൻ കോളേജിൽ നിന്നും ആരംഭിച്ച് ടൗൺ പള്ളിയങ്കണത്തിൽ അവസാനിക്കുന്ന റാലിയെ അഭിവന്ദ്യ പിതാവ് അഭിസംബോധന ചെയ്യുന്നതാണ്.

കുട്ടികളുടെ ഒരു റാലി എന്നതിനപ്പുറം എല്ലാ ഇടവകകളിൽ നിന്നും സ്ത്രീപുരുഷ ഭേദമന്യേ ആബാലവൃദ്ധം ജനങ്ങൾ പങ്കെടുക്കുന്ന കോതമംഗലം രൂപതയുടെ ഒരു മഹാസംഗമം എന്ന നിലയിലാണ് റാലി നമ്മൾ ഒരുക്കുന്നത്. ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ കുടുംബക്കൂട്ടായ്മകളോടും മറ്റ് സംഘടനകളോടുമൊപ്പം ഏവരും പങ്കെടുത്ത് തൊടുപുഴയിലെ ഈ റാലി ക്രൈസ്തവ സമൂഹത്തിന്റെ ഒരു മഹാസംഗമമാക്കി മാറ്റാൻ നമുക്കൊരുമിച്ചു പരിശ്രമിക്കാം.

## *CML 55 /2017* മിഷൻ ഞായർ

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 22-ാം തീയതി ആഘോഷിക്കുകയാണ്. ലോകമെമ്പാടുമുള്ള എല്ലാ മിഷനറിമാരെയും അന്നേദിവസം ഓർമ്മിക്കുകയും മിഷനെ സഹായിക്കുകയും ചെയ്യാം.

## *CML 56/2017* മിഷൻ കലണ്ടർ

ഈ വർഷത്തെ മിഷൻ കലണ്ടർ എല്ലാ ശാഖകളിലും എത്തിച്ചിട്ടുണ്ട്. ഒരു കലണ്ടറിന് 7 രൂപ വച്ച് സി.എം.എൽ ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

*Director*

# കെ.സി.എസ്.എൽ.

## *KCSL 34/2017* ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്

ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് മത്സരത്തിൽ പങ്കെടുത്തവരും വിജയികളുമായ എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

സ്കൂളുകൾക്കുള്ള ട്രോഫികൾ കലോത്സവസമാപനത്തിൽ നൽകുന്നതാണ്.

**വിജയികൾ**

UP

1 Anitta Manoj & Benetta TB - SJHS Arakuzha

2 Tania Saji & Alka James - Sobhana Public School Kothamangalam

3 Aleena Biju & Aleena Vincent - SAGHSS Kothamangalam

HS

1 Ann Maria Sojan & Anna Maria Sojan - SAGHSS Kothamangalam

2 Joana Mary George & Dayana Sebastin - Jarani Public School, Kaliyar

3 Angel Mary Stephy Jijo - St Joseph HSS Paigottoor

HSS

1 Jija Mary Sabu & Albert Sebastian - SXPS Pothanicad

2 Don Savo George & John Paul George SJHSS Paigottoor

3 Jithin C John & Edwin Sunny - SGHSS Kothamangalam

*KCSL 35/2017* **സ്റ്റഡി സർക്കിൾ പഠന വിഷയം**

H.S.S - ജീവിതവിജയം കൈവരിച്ച ഏതൊരാളിലും വിജയിക്കണം എന്ന തീവ്രമായ അഭിലാഷം ഉണ്ടാകണം.

H.S. - ജീവിതവിജയത്തിന് ദൈവാനുഗ്രഹവും കഠിനാധ്വാനവും ആത്മാർപ്പണവും അനുപേക്ഷണീയമാണ്.

U.P. - ദൈവാലയങ്ങൾ വ്യക്തി ജീവിതത്തിൽ പരമപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്.

*KCSL 36/2017* **രൂപതാ കലോത്സവം**

ഈ വർഷത്തെ രൂപതാ കലോത്സവം ഒക്ടോബർ 28 ശനിയാഴ്ച നടക്കുന്നു. ആനിമേറ്റേഴ്സും കുട്ടികളും അതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്തുമല്ലോ. രജിസ്ട്രേഷൻ ഓൺലൈൻ വഴി ഒക്ടോബർ 26 വരെ നടത്താവുന്നതാണ്.

കെ.സി.എസ്.എലുമായി ബന്ധപ്പെട്ട കാര്യങ്ങളും വിവരങ്ങളും മത്സരഫലങ്ങളും ഫോട്ടോകളും നമ്മുടെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നുണ്ട്. ബന്ധപ്പെട്ടവർ വെബ്സൈറ്റ് സന്ദർശിക്കുമല്ലോ. അതൊടൊപ്പം യൂണിറ്റുകളിലെ പ്രവർത്തന ഫോട്ടോകൾ ഇ-മെയിൽ വഴി അയച്ചു തന്നാൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്.

**KCSL 37/2017 സംസ്ഥാന സാഹിത്യ മത്സരം**

ഈ വർഷത്തെ സംസ്ഥാന സാഹിത്യമത്സരം ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച എറണാകുളം സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചാണ്. രൂപത സാഹിത്യ മത്സരത്തിൽ 1, 2 സ്ഥാനം കരസ്ഥമാക്കിയവരാണ് സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കാൻ യോഗ്യരായവർ. യോഗ്യത നേടുന്ന കുട്ടികൾ അന്നേ ദിവസം ഹോളിമാഗി പള്ളിയുടെ മുൻപിൽ 7.30 ന് മുമ്പായി എത്തേണ്ടതാണ്. ഉച്ചഭക്ഷണവും കുട്ടികൾ കരുതുക.

*Director*

# ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 49 /2017 രൂപതാ സമിതി**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാസമിതി ഒക്ടോബർ 4-ാം തീയതി ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.00 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരും.

**FA 50 /2017 ജൂബിലി ദമ്പതീ സംഗമം**

വിവാഹത്തിന്റെ സുവർണ്ണരജതജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായുള്ള ജൂബിലി ദമ്പതീസംഗമം 2017 ഒക്ടോബർ 2-ാം തിയതി തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 4 വരെ വിശ്വജ്യോതി കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**FA 51 /2017 കുടുംബപ്രേഷിത ധ്യാനങ്ങളും രാത്രി ആരാധനയും**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ മുതലക്കോടം സാപിയെൻസിയ ഗൈഡൻസ് സെന്ററിൽ വച്ച് വിവിധ പ്രോഗ്രാമുകൾ നടത്തപ്പെടുന്നു.

| | |
|---|---|
| ഒക്ടോബർ 20 | രാത്രി ആരാധന |
| ഒക്ടോബർ 27-29 | കുടുംബ നവീകരണ ധ്യാനം |

## *FA 52 /2017* കെ.സി.ബി.സി. വനിത കമ്മീഷൻ

ആഗസ്റ്റ് മാസം 15-ന് പി.ഒ.സി.യിൽ നടന്ന ജനറൽ ബോഡി യോത്തിൽ നമ്മുടെ രൂപതയിൽ നിന്നും ശ്രീമതി ഡെൽസി ലൂക്കാച്ചൻ, ശ്രീമതി ആനി ഇളയിടം, ശ്രീമതി ബിന്ദു വള്ളമറ്റം, ശ്രീമതി സാന്റി ബേബി എന്നിവർ പങ്കെടുത്തു.

## *FA 53/2017* Marriage Preparation Courses in Kerala, October 2017

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| ALAPPUZHA | 8113934970 | | 13-15 | | |
| BATHERY | 9846372748 | | 13-16 | | |
| CHANGANACHERRY | 0481-2424476,9495509843 | 2-4 | 9-11 | 16-18 | 23-25 |
| ERNAKULAM (KALOOR) | 0484-2533077 | 2-4 | 9-11 | 16-18 | 23-25<br>30-1 |
| ERNAKULAM (KALADY) | 0484-2462607 | 3-5 | | 17-19 | 24-26 |
| IDUKKI | 04864222632,9446837178 | | 9-11 | | 23-25 |
| IRINJALAKUDA | 0480-2880439,9447992216 | 2-4 | | 16-18 | |
| KANJIRAPPALLY | 0482-8205628,9497096431 | | 9-11 | | 26-28 |
| KANNUR | 9447144869 | 1-3 | | | |
| KOCHI (LATIN) | 0484-2328077,8547723791 | | 12-15 | | 26-29 |
| KOLLAM (LATIN) | 0474-2749349,9645671314 | 4-6 | | 18-20 | 25-27 |
| KOTHAMANGALAM | 0485-2989222,9495011191 | 4-6 | | 18-20 | |
| KOTTAPPURAM (LATIN) | 0480-2807733 | 4-6 | | | |
| KOTTAYAM | 0481-2790947,9495080049 | | 12-14 | | |
| KOZHIKKODE | 9349437053 | | | 18-22 | |
| MANANTHVADY | 0493-5241335,9567764944 | | 8-11 | | 27-30 |
| MAVELIKKARA (MALANKARA) | 9447280528 | | 13-15 | | |
| NEYYATTINKARA (LATIN) | 9447005093 | | 11-13 | | |
| PALAI | 0482-2210049 | | 9-11 | | 23-25 |
| PALAKKAD | 8281340073 | 2-5 | | | |
| PATHANAMTHITTA | 9446171556 | | 13-15 | | |
| SULTHANPETT | 9495911256 | | 14-15 | | |
| THALASSERY | 0490-2343414,9656862148 | | 10-12 | | 24-26 |

| | | | | | |
|---|---|---|---|---|---|
| THAMARASSERY | 0495-2730860 | | 11-14 | | |
| THIRUVALLA | 9895556074 | | | 17-19 | |
| THIRUVANTHAPURAM (LATIN) | 9447429407 | 6-8 | | | 23-25 |
| THIRUVANTHAPURAM(MALANKARA) | 0471-2393679 | | 13-15 | | |
| THRISSUR | 0487-2336066,9605043327 | 4-6 | 11-13 | 18-20 | 25-27 |
| VARAPPUZHA | 0484-2393739,9447817698 | | | 20-22 | |
| VIJAYAPURAM | 9447182300 | | 12-14 | | |

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

## *DFC 53/2017* ഫൊറോന കൺവെൻഷനുകളും അവാർഡ് ദാനവും

**മുതലക്കോടം ഫൊറോന കൺവെൻഷൻ** – ഫൊറോന ഡയറക്ടർ ഫാ. ജോസഫ് അടപ്പൂർ, സഹ ഡയറക്ടർ ഫാ. ജോസഫ് നിരവത്ത് എന്നിവരുടെ നേതൃത്വത്തിൽ ആഗസ്റ്റ് 22–ന് മുതലക്കോടം പാരീഷ് ഹാളിൽ വച്ചു നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ ഉദ്ഘാടന സന്ദേശം നൽകിയ സമ്മേളനത്തിൽ ഫൊറോന പ്രസിഡന്റ് ശ്രീ. ജെയിംസ് പള്ളിക്കമാലിൽ അദ്ധ്യക്ഷത വഹിച്ചു.

**കോതമംഗലം ഫൊറോന കൺവെൻഷൻ –** സെപ്തംബർ 9–ന് ഫൊറോന ഡയറക്ടർ ഫാ. തോമസ് പോത്തനാമുഴിയുടെയും സഹഡയറക്ടർ ഫാ. ജോൺസൺ പഴയപീടികയുടെയും നേതൃത്വത്തിൽ കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടന സന്ദേശം നൽകിയ സമ്മേളനത്തിൽവച്ച് കഴിഞ്ഞ 6 മാസത്തെ ഫൊറോനയിലെ മികച്ച പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ പിതാവിൽ നിന്ന് കോതമംഗലം കത്തീഡ്രൽ, കോട്ടപ്പടി, ഞായപ്പിള്ളി, മുട്ടത്തുപാറ, കുത്തുങ്കൽ, നെല്ലിക്കുഴി ഇടവകകൾ അവാർഡുകൾ കരസ്ഥമാക്കി. ഫൊറോന പ്രസിഡന്റ് ഡിഗോൾ കൊളംമ്പേൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ DFC State ഡയറക്ടർ ഫാ. റോയി കണ്ണൻചിറ മുഖ്യപ്രഭാഷണം നടത്തി.

രണ്ടു കൺവെൻഷനുകളിലും രൂപതാ ഫൊറോന ഭാരവാഹികളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ഡയറക്ടർ അച്ചന്മാർക്ക് അഭിനന്ദനങ്ങൾ.

**DFC 54/2017 രൂപതാ കമ്മിറ്റിയും ഇടവക സന്ദർശനങ്ങളും**

ആഗസ്റ്റ് 31-ന് രൂപതാകമ്മിറ്റി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചുകൂടി. ബെസ്ലഹേം, കാവക്കാട്ട്, കല്ലൂർക്കാട്, നടുക്കര, ഏനാനെല്ലൂർ, കദളിക്കാട് തുടങ്ങിയ ഇടവകകളിൽ രൂപതാസമിതി സന്ദർശനം നടത്തി, യൂണിറ്റുകളെ പുനക്രമീകരിച്ചു.

**DFC 55/2017 സംസ്ഥാന നേതൃത്വ ക്യാമ്പ്**

കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് സെപ്തംബർ 13 -14 തിയതികളിൽ നടന്ന സംസ്ഥാന നേതൃത്വക്യാമ്പിൽ രൂപതാസമിതി കോതമംഗലം രൂപതയിലെ DFC പ്രവർത്തനങ്ങളെക്കുറിച്ചും ദീപികയുടെ വളർച്ചയെക്കുറിച്ചുമുള്ള രൂപതയുടെ അഭിപ്രായങ്ങൾ ചർച്ചകളിൽ അവതരിപ്പിച്ചു.

**DFC 56/2017 സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാരുടെ സമ്മേളനം**

ഇടവകകളിലെ DFC സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാരുടെ സമ്മേളനം സെപ്തംബർ 17-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. പ്രസ്തുത സമ്മേളനം വികാരി ജനറാൾ മോൺ. ജോർജ്ജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. DFC വനിത വിഭാഗം പ്രസിഡന്റ് ശ്രീമതി ഷീല രാജു അദ്ധ്യക്ഷത വഹിച്ചു. "മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളും സഭാകൂട്ടായ്മയും" എന്ന വിഷയത്തെകുറിച്ച് രൂപത ഡയറക്ടർ ക്ലാസ്സ് നടത്തി. സെക്രട്ടറിമാരുടെ ഉത്തരവാദിത്വങ്ങളും കടമകളും രൂപതാ സെക്രട്ടറി ശ്രീ. തോമസ് കുണിഞ്ഞി പരിചയപ്പെടുത്തി.

**DFC 57/2017 സംഘടനാനേതൃസംഗമം**

കോതമംഗലം രൂപതയിലെ വിവിധ സംഘടനാ നേതാക്കളുടെ സംയുക്ത സമ്മേളനം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 14 ശനി 3.00 pm ന് രൂപതാ കേന്ദ്രത്തിൽ വച്ച് നടക്കുന്നു. DFC യുടെ രൂപതാ ഭാരവാഹികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കണം.

**DFC 58/2017 ദീപിക ദിനാചരണം ഉദ്ഘാടനം**

എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും "നമ്മുടെ പത്രമായ ദീപിക" എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി നടത്തുന്ന "ദീപികദിനാചരണം" ഔദ്യോഗികമായി ഒക്ടോബർ 29-ന് മൂവാറ്റുപുഴ ഹോളി മാഗി ഇടവകയിൽ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം നിർവഹിക്കുന്നു.

**ദീപിക ദിനാചരണങ്ങൾ**

| | |
|---|---|
| ഏനാനെല്ലൂർ | ഒക്ടോബർ 15 |
| മാറിക | ഒക്ടോബർ 22 |
| മൂവാറ്റുപുഴ | ഒക്ടോബർ 29 (ഔദ്യോഗിക ഉദ്ഘാടനം) |
| നിർമ്മലമാതാ, മൂവാറ്റുപുഴ | നവംബർ 5 |

*Co-ordinator*

# മാതൃവേദി

## *MV 34 /2017* ജൂബിലി സംഗമം

ജൂബിലി ദമ്പതീസംഗമം ഒക്ടോബർ 2-ാം തിയതി വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നു. അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്യുകയും മെമന്റോ നൽകി ദമ്പതികളെ ആദരിക്കുകയും ചെയ്യുന്നു. സിൽവർ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളേയും പ്രസ്തുത യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

## *MV 35 /2017* തീർത്ഥാടനം

രൂപത ഭരണസമിതി അംഗങ്ങളുടെ തീർത്ഥാടനം ഒക്ടോബർ 10-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## *MV 36 /2017* ടാലന്റ് ഫെസ്റ്റ് -2017

ടാലന്റ് ഫെസ്റ്റ് -2017 ഫൊറോനാതല മത്സരങ്ങൾ നടത്തിവരുന്നു. ഒക്ടോബർ 24-ാം തിയതി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാതല മത്സരങ്ങൾ നടക്കും. അതിനുമുമ്പായി ഫൊറോന തലത്തിൽ മത്സരങ്ങൾ നടത്തി ഒന്നാം സ്ഥാനത്തിന് അർഹരായവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ഒക്ടോബർ 16-ന് മുമ്പ് ഫൊറോനാതല മത്സരവിജയികളുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## *MV 37 /2017* ജൈവപച്ചക്കറി കൃഷി

ജൈവപച്ചക്കറി കൃഷിയുടെ രൂപതാതലത്തിലുള്ള വിലയിരുത്തൽ ഒക്ടോബർ അവസാനത്തോടെ നടത്തപ്പെടുന്നതാണ്. അതിനുമുമ്പായി ഫൊറോനതല മത്സരവിജയികളുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിന് നൽകേണ്ടതാണ്.

### *MV 38 /2017* 'പർഥേനോസ് - 2017'

യൂണിറ്റ്, ഫൊറോന, രൂപതാതല വാർഷികങ്ങൾക്ക് 'പർഥേനോസ് -2017' എന്ന പേര് കൊടുക്കണം. പർഥേനോസ് എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം 'നിത്യകന്യകയായ പരിശുദ്ധ മറിയം' എന്നാണ്. പരിശുദ്ധ അമ്മയുടെ സ്തുതിക്കായിട്ടാണ് ഇങ്ങനെ പേര് കൊടുക്കുന്നത്.

### *MV 39 /2017* ഫൊറോന വിസിറ്റ്

രൂപതാഭാരവാഹികൾ ഫൊറോനകളിൽ ആഗസ്റ്റ് 28 മുതൽ സെപ്തംബർ 12 വരെ വിസിറ്റ് നടത്തി. ആഗസ്റ്റ് 28-ന് മാറിക, ആരക്കുഴ. ആഗസ്റ്റ് 29-ന് ഊന്നുകൽ, കോതമംഗലം, ആഗസ്റ്റ് 30-ന് മൂവാറ്റുപുഴ, വാഴക്കുളം, ആഗസ്റ്റ് 31-ന് മുതലക്കോടം, തൊടുപുഴ, സെപ്തംബർ 11-ന് പൈങ്ങോട്ടൂർ, സെപ്റ്റംബർ 12-ന് കരിമണ്ണൂർ, കാളിയാർ എന്നീ ഫൊറോനകളിൽ വിസിറ്റ് നടത്തി.

### *MV 40 /2017* ഉണർവ്

സെപ്തംബർ മാസത്തെ ഉണർവ് ട്രെയിനിംഗ് പ്രോഗ്രാം 26-ാം തീയതി മുതലക്കോടം സാപിയെൻസിയ ഗൈഡൻസ് സെന്ററിൽ വച്ച് നടന്നു. റവ. ഫാ. ജോർജ് ചേറ്റൂരിന്റെ നേതൃത്വത്തിൽ ഉണർവ് അംഗങ്ങൾക്കായി ആദ്ധ്യാത്മിക നവീകരണ ക്ലാസ്സ് നടന്നു.

### *MV 41 /2017* സംഘടനാ നേതൃസംഗമം

കോതമംഗലം രൂപതയിലെ വിവിധ സംഘടനാ നേതാക്കളുടെ സംയുക്ത സമ്മേളനം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 14 ശനി 3.00 pm ന് രൂപതാ കേന്ദ്രത്തിൽ വച്ച് നടക്കുന്നു. മാതൃവേദിയുടെ രൂപതാ ഭാരവാഹികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കണം.

*Director*

## ഡി.സി.എം.എസ്.

### *DCMS 8 /2017* ജീവിതദർശന ക്യാമ്പ്

DCMS രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി സെപ്തംബർ 4 മുതൽ 6 വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന

ക്യാമ്പിൽ 67 കുട്ടികൾ പങ്കെടുത്തു. ഫാ. സെബാസ്റ്റ്യൻ കണിമറ്റം, സി. മെർളി പെരുമ്പനാനി, ശ്രീ. ജോളി ജോസഫ്, DCMS സംസ്ഥാന സെക്രട്ടറി ശ്രീ. ജോണി പരമല, സാബു ആരക്കുഴ, ശ്രീമതി മർത്താമ്മ ജോസ്, ശ്രീമതി മേരി സണ്ണി എന്നിവർ ക്ലാസ്സുകൾ നയിച്ചു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി. ക്യാമ്പിലേയ്ക്ക് കുട്ടികളെ പറഞ്ഞു വിട്ട എല്ലാ ബ. വികാരിയച്ചന്മാർക്കും നന്ദി.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

### *AKCC 18 /2017* **സംഘടനാനേതൃസംഗമം**

കോതമംഗലം രൂപതയിലെ വിവിധ സംഘടനാ നേതാക്കളുടെ സംയുക്ത സമ്മേളനം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 14 ശനി 3.00 pm ന് രൂപതാ കേന്ദ്രത്തിൽ വച്ച് നടക്കുന്നു. AKCC യുടെ രൂപതാ ഭാരവാഹികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കണം.

*Director*

## ഇൻഫാം

### *INF 1 /2017* **കാർഷിക ഓപ്പൺ മാർക്കറ്റ്, പേ ആന്റ് പാർക്ക്, കാർഷിക നഴ്സറി, ഫ്ളോർമിൽ എന്നിവ പ്രവർത്തനമാരംഭിച്ചു.**

വാഴക്കുളത്ത് പ്രവർത്തിക്കുന്ന ഇൻഫാം 'കർഷകന്റെ കട'യോടനുബന്ധിച്ച് കാർഷിക ഓപ്പൺ മാർക്കറ്റും പേ ആന്റ് പാർക്കും പ്രവർത്തനമാരംഭിച്ചു. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും ഓപ്പൺ മാർക്കറ്റ് സഹായകമാണ്. വാഴക്കുളം ടൗണിലെ ബൈപ്പാസ് റോഡിനുസമീപം വെള്ളിയാഴ്ച തോറുമാണ് മാർക്കറ്റ് പ്രവർത്തിക്കുന്നത്. കൃഷിയിടത്തിന്റെ തനിമയോടെ കലർപ്പില്ലാത്ത ഉത്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ലഭിക്കുന്നതിനാൽ ഉപഭോക്താക്കൾക്കും ഇത് ഏറെ പ്രയോജനം ചെയ്യും.

വാഴക്കുളം ടൗണിൽ വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ഇൻഫാം പേ ആന്റ് പാർക്കും ഇതോടൊപ്പം ആരംഭിച്ചു.

കർഷകന്റെ കടയുടേയും കാർഷിക നേഴ്സറിയുടേയും സമീപത്തു തന്നെയാണ് പേ ആന്റ് പാർക്കും ആരംഭിച്ചിട്ടുള്ളത്. ധാന്യപ്പൊടികൾക്കും മല്ലി, മഞ്ഞൾ, മുളകു പൊടികൾക്കുമായി ഇൻഫാം ഫ്ളോർ മില്ലും വാഴക്കുളത്തു തന്നെ പ്രവർത്തിക്കുന്നുണ്ട്. ഫോൺ: 9633876000, 8547514666.

### *INF 2 /2017* സംഘടനാ നേതൃസംഗമം

കോതമംഗലം രൂപതയിലെ വിവിധ സംഘടനാ നേതാക്കളുടെ സംയുക്ത സമ്മേളനം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 14 ശനി 3.00 pm ന് രൂപതാ കേന്ദ്രത്തിൽ വച്ച് നടക്കുന്നു. ഇൻഫാം രൂപതാ ഭാരവാഹികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കണം.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

### *PG 12 /2017* ഫാത്തിമ സന്ദേശ യാത്ര

പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി, ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്തത്തിൽ നൽകിയ ഫാത്തിമ സന്ദേശയാത്രക്ക് കോതമംഗലം സോണിലെ വിവിധ ദൈവാലയങ്ങളിൽ ഭക്തിനിർഭരമായ സ്വീകരണം നൽകി.

അനേകായിരങ്ങൾ വിവിധ ദൈവാലയങ്ങളിലായി തിരുസ്വരൂപം വണങ്ങി പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ സ്വീകരിക്കുകയും ഫാത്തിമ സന്ദേശം ഉൾക്കൊള്ളുകയും ചെയ്തു.

12-ാം തീയതി രാവിലെ 6 മണിക്ക് എറണാകുളം അതിരൂപതയിലെ കാലടി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ നിന്നും രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയക്ടർ റവ. ഫാ. ജോർജ്ജ് കുരിശുമൂട്ടിൽ, സോണൽ പ്രാർത്ഥനാഗ്രൂപ്പ് സർവ്വീസ് ടീം അംഗങ്ങൾ, കത്തീഡ്രൽ കൈക്കാരന്മാർ എന്നിവരുടെ നേതൃത്വത്തിൽ തിരുസ്വരൂപം ഏറ്റുവാങ്ങുകയും 7 മണിക്ക് കോതമംഗലം കത്തീഡ്രലിൽ രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ, കത്തീഡ്രൽ വികാരി, വൈദികർ, സന്ന്യസ്തർ, ഇടവകാംഗങ്ങൾ എന്നിവർ ചേർന്ന് സ്വീകരിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

തുടർന്ന് സന്ദേശയാത്രയെ കാരക്കുന്നം സെന്റ് മേരീസ് ചർച്ച്, വിജയപുരം രൂപതയിലെ മൂവാറ്റുപുഴ ക്രിസ്തു രാജ ചർച്ച് എന്നിവിടങ്ങളിൽ സ്വീകരിച്ചു.

വൈകിട്ട് 4.30-ന് സെന്റ് ജോസഫ് മലങ്കര കത്തീഡ്രലിൽ, മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ എബ്രാഹം മാർ യൂലിയോസ്, രൂപതാ വികാരി ജനറാൾ, ഇടവാകാംഗങ്ങൾ എന്നിവർചേർന്ന് സ്വീകരിച്ചു. അഭിവന്ദ്യ പിതാവും വികാരി ജനറാളും സന്ദേശം നൽകി.

6 മണിക്ക് മൂവാറ്റുപുഴ ഹോളിമാഗി ചർച്ചിൽ കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് ഓലിയപ്പുറം, ഇടവക വികാരി, മറ്റ് വൈദീകർ, സന്ന്യസ്തർ, ഇടവാകാംഗങ്ങൾ എന്നിവർ ചേർന്ന് സ്വീകരിക്കുകയും മോൺ. ജോർജ്ജ് ഓലിയപ്പുറത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. നൈറ്റ് വിജിൽ വിശുദ്ധ കുർബാനയോടെ സമാപിച്ചു.

13-ാം തീയതി 7 മണിക്ക് ആരക്കുഴ സെന്റ് മേരീസ് ദൈവാലയത്തിൽ നിന്ന് ഫാത്തിമ സന്ദേശയാത്ര ആരംഭിച്ചു. തുടർന്ന് വാഴക്കുളം സെന്റ്ജോർജ്ജ് ചർച്ച്, സെന്റ് മേരീസ് ചർച്ച് നെടിയശാല, കോട്ടയം രൂപതയിലെ സെന്റ് മേരീസ് ചർച്ച് ചുങ്കം എന്നിവിടങ്ങളിൽ ഫാത്തിമ സന്ദേശയാത്രയെ സ്വീകരിച്ചു.

വൈകിട്ട് 6 മണിക്ക് തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ സ്വീകരണം നൽകി. മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ പിതാവ് വിശുദ്ധകുർബാനയർപ്പിച്ചു. രാത്രി ജാഗരണ പ്രാർത്ഥനയോടെ സമാപിച്ചു.

14-ാം തിയതി 7 മണിക്ക് മൈലക്കൊമ്പ് സെന്റ് തോമസ് ദൈവാലയത്തിൽ നിന്ന് ഫാത്തിമ സന്ദേശയാത്ര ആരംഭിച്ചു. 9.30 സെന്റ് മേരീസ് ചർച്ച് നാകപ്പുഴയിൽ സന്ദേശ യാത്രയെ സ്വീകരിക്കുകയും, കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് സെന്റ് ജോർജ്ജ് ചർച്ച് മുതലക്കോടം, സെന്റ് ജോർജ്ജ് ചർച്ച് വണ്ടമറ്റം എന്നിവിടങ്ങളിൽ സ്വീകരിച്ചു.

വൈകിട്ട് 6 മണിക്ക് മാർസ്ലീവ ചർച്ച് വണ്ണപ്പുറത്ത് സ്വീകരിക്കുകയും രാത്രിയിലെ ജാഗരണ പ്രാർത്ഥനയോടെ കോതമംഗലം സോണിലെ സന്ദേശ യാത്രയുടെ പ്രോഗ്രാമുകൾ അവസാനിക്കുകയും ചെയ്തു.

റവ. ഫാ. ജോർജ്ജ് കുരിശുമൂട്ടിലും, പ്രാർത്ഥനാഗ്രൂപ്പ് സോണൽ സർവ്വീസ് ടീം അംഗങ്ങളും ചേർന്ന് ഫാത്തിമ മാതാവിന്റെ തിരുസ്വരൂപത്തെ ഇടുക്കി രൂപതയിലെ വെൺമണി ദൈവാലയം വരെ അനുധാവനം ചെയ്തു.

*Director*

# അല്മായ ഫ്രാൻസിസ്കൻ സഭ

## *SFO 41/2017* യാത്രയയപ്പ്, സ്വാഗതസമ്മേളനം

മൂവാറ്റുപുഴ ഹോളിമാഗി ഫൊറോന ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ വച്ച് 2017 ആഗസ്റ്റ് 27-ാം തീയതി 3 pm -ന് നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച രൂപത പ്രസിഡന്റ് ബ്ര. ജോസ് ജോർജ്ജ് ഓലിയപ്പുറം SFO പുതിയ രൂപത ഡയറക്ടർ റവ. ഫാ. ജോബി കരിക്കംപള്ളിച്ചിറ OFM Cap -നെ ബൊക്ക നൽകി സ്വീകരിച്ച് സ്വാഗതം ചെയ്തു.

മൂവാറ്റുപുഴ റീജിയൺ (St. Francis Region) പ്രസിഡന്റ് ബ്ര. അരുൺ കാട്ടറുകുടി SFO ഏവർക്കും സ്വാഗതം പറഞ്ഞു. ഹോളിമാഗി ഫൊറോന പള്ളി വികാരി റവ. ഫാ. പോൾ നെടുമ്പുറം സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ആറുവർഷത്തോളംSFO യുടെ വളർച്ചക്കുവേണ്ടി ആത്മീയ ഉപദേഷ്ടാവായി സേവനം അനുഷ്ഠിച്ച റവ. ഫാ. സോമി പാണങ്കാട്ട് OFM Cap -ന് സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി. മൊമെന്റോ സമ്മാനിച്ചു. സിസ്റ്റർ റാണി ജോസ് FCC, ബ്ര. സാജൻ നടുക്കുടി, ബ്ര. ടെൻസൺ, ബ്ര. കെ.ജെ. തോമസ്, ബ്ര. കെ.പി. ഉറുമീസ്, സിസ്റ്റർ ജസ്സി തോമസ്, സിസ്റ്റർ വത്സമ്മ ടോമി എന്നിവർ പ്രസംഗിച്ചു.

## *SFO 42/2017* മരിയൻ വിചിന്തനം, തിരുസ്വരൂപസ്വീകരണം

വണ്ടമറ്റം സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഫാത്തിമ വർഷം പ്രമാണിച്ച് 14-9-2017 -ൽ പൂർണ്ണ ദണ്ഡമോചനം ലഭിക്കുവാൻ കുമ്പസാരത്തിന് സൗകര്യമൊരുക്കി. 2 pm-ന് പുതിയതായി ചാർജ്ജെടുത്ത ബഹു. ജോബി അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു. ബ്ര. ബേബി ജോൺ കലയന്താനി മരിയൻ വിചിന്തനം നടത്തി. 4.30 pm -ന് ദൈവാലയത്തിൽ എത്തിച്ചേർന്ന മാതാവിന്റെ തിരുസ്വരൂപം പള്ളിവികാരി ബഹു. ജോസഫ് മക്കോളിൽ അച്ചൻ സ്വീകരിച്ചു.

### *SFO 43/2017* പരിഷ്കരിച്ച അനുഷ്ഠാനകർമ്മപുസ്തക പ്രകാശനം, ഏരിയാ സമ്മേളനം

ഫ്രാൻസിസ്ക്കൻ അത്മായസഭയുടെ സീറോമലബാർ ഏരിയാ സമ്മേളനം 2017 സെപ്തംബർ 4-ാം തിയതി സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. അങ്കമാലി സെന്റ് ഹോർമിസ് ദൈവാലയത്തിൽ (കിഴക്കേപള്ളി) നടന്ന ചടങ്ങിൽ പരിഷ്കരിച്ച അനുഷ്ഠാനകർമ്മപുസ്തകം പ്രകാശനം ചെയ്തു. പുസ്തകപ്രകാശനത്തോടനുബന്ധിച്ചുള്ള പഠനശിബിരം ബഹു. ഫാ. ജോസ് പോന്നോർ OFM Cap. നിർവഹിച്ചു.

### *SFO 44/2017* ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണദിനം

2017 നവംബർ ആദ്യ ഞായാറാഴ്ച (5-ാം തീയതി) കോതമംഗലം രൂപതയിലെ SFO അംഗങ്ങൾ തീർത്ഥാടനമായി ആരക്കുഴ പള്ളിയിൽ രാവിലെ 9.30 - ന് എത്തിച്ചേരുന്നു. 10 am-ന് മരിയൻ സ്ക്വയറിൽ നിന്ന് (മലേക്കുരിശ് അടിവാരം) കുരിശിന്റെ വഴി ചൊല്ലി മലേക്കുരിശിൽ എത്തുന്നു. തുടർന്ന് കൊന്തഗ്രാമം ചുറ്റി (ജപമാല ചൊല്ലിക്കൊണ്ട്) താഴെ പള്ളിയിൽ (മരിയൻ തീർത്ഥാടനകേന്ദ്രം) എത്തുന്നു. 2.30 pm- ന് വിശുദ്ധകുർബാന അർപ്പിക്കുന്നു. നേർച്ച വിതരണം, സ്നേഹവിരുന്ന് എന്നിവ ക്രമീകരിച്ചിരിക്കുന്നു.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

### *SV 20 /2017* സെമിനാർ

തൊടുപുഴ ഈസ്റ്റ്, തൊടുപുഴ ഏരിയാ കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ തൊടുപുഴ ഓസാനാം ഹോമിൽവച്ച് അർദ്ധവാർഷിക സെമിനാർ നടത്തി. ബ്ര. ജെയിംസ്കുട്ടി ചമ്പക്കുളം ക്ലാസ്സ് നയിച്ചു. സി.സി . ട്രഷറർ ജെയിംസ് മുണ്ടത്താനം, ജോയി ചിറ്റാട്ടിൽ, ജോൺ മുണ്ടൻകാവൽ തുടങ്ങിയവർ സംസാരിച്ചു. 110 പേർ സെമിനാറിൽ പങ്കെടുത്തു.

*Animator*

# കേരള ലേബർ മൂവ്മെന്റ്

KLM 12 /2017

കേരളാലേബർ മൂവ്മെന്റ് രൂപതാ ഭാരവാഹികളുടേയും വിവിധ തൊഴിലാളി ഫോറം ഭാരവാഹികളുടേയും സംയുക്തയോഗം സെപ്തംബർ 12 ചൊവ്വാഴ്ച മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ ചേർന്നു. രൂപതാ പ്രസിഡന്റ് റോയി കാവാട്ട് അദ്ധ്യക്ഷത വഹിച്ച യോഗം സംസ്ഥാന ഡയറക്ടർ ഫാ. ജോർജ്ജ് നിരപ്പുകാലായിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ആമുഖപ്രസംഗം നടത്തി. ഫാ. ജോർജ്ജ് നിരപ്പുകാലായിൽ, സംസ്ഥാന ആനിമേറ്റർ സി. ആനീസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രൂപതാ സെക്രട്ടറി ബിജു പാറത്തട്ടയിൽ സ്വാഗതവും വൈസ് പ്രസിഡന്റ് ആൻസി ജോജോ നന്ദിയും പറഞ്ഞു.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| Oct. 1-2 | - | KCYM Convention |
| " 4-6 | - | Pre- Marriage Course |
| " 6-8 | - | Y's Men International Mid West India Region, Youth Camp |
| " 18-20 | - | Pre- Marriage Course |
| " 19-22 | - | All India Moral Theology Annual Conference |
| " 24 | - | Mathruvedi Talent Fest |
| " 29 | - | Accounting Software Training Programme |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Alappatt Francis | **October** | 4 |
| ” | Athickal Francis | ” | 4 |
| ” | Kannadan Francis | ” | 4 |
| ” | Karikunnel Francis | ” | 4 |

| | | | |
|---|---|---|---|
| " | Keerampara Francis | " | 4 |
| " | Nampiaparampil Francis | " | 4 |
| " | Nandalath Francis | " | 4 |
| " | Pittappillil Francis | " | 4 |
| " | Cheripuram Abraham | " | 9 |
| " | Parackal Abraham | " | 9 |
| " | Perumpanany Abraham | " | 9 |
| " | Niravathinal Abraham | " | 9 |
| " | Njaralakatt Luke | " | 18 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ആഗസ്റ്റ്**

19 ● ഏഴല്ലൂർ ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിക്കുകയും ചെയ്തു.

● വെളിയേൽച്ചാൽ ഇടവകാംഗങ്ങളായ അറമ്പൻകുടിയിൽ ജോർജ്ജ് -ശ്വേത ദമ്പതികളുടെ നാലാമത്തെ കുട്ടി ജോസഫിന്റെയും, അറമ്പൻകുടിയിൽ ജോൺ - എലിസബത്ത് ദമ്പതികളുടെ കുട്ടി ക്രിസ്റ്റീനയുടെയും പ്രവേശകകൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 ● കോതമംഗലം കത്തീഡ്രൽ ഹാളിൽ നടന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

21-31 ● മൗണ്ട് സെന്റ് തോമസിൽ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

**സെപ്തംബർ**

1 ● മൈനർ സെമിനാരിയിൽ ഓണാഘോഷത്തിൽ പങ്കുചേർന്നു.

2 ● ഇടുക്കി രൂപതയിലെ മഞ്ഞപ്പെട്ടി ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ വെഞ്ചരിപ്പു കർമ്മത്തിൽ പങ്കുചേർന്നു.

3 ● കല്ലൂർക്കാട് സെന്റ് ആഗസ്റ്റിൻ ഇടവകയിൽ അജപാലകസന്ദർശനം നടത്തി.

● ഹോളിഫാമിലി സഭാ സമൂഹത്തിൽപെട്ട സിസ്റ്റർ ജെസി തേറാട്ടിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

5 ● വാഴക്കുളം ഇടവകാംഗങ്ങളായ വടക്കേൽ റോയി ജോസ് - ലീന റോയി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ അന്നയുടെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

6 ● ഇടുക്കി രൂപതയിലെ രാജകുമാരി ഇടവകയിൽ പ. മാതാവിന്റെ പിറവിതിരുനാളിനോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

7 ● പ. ദൈവമാതാവിന്റെ പിറവിതിരുനാളിനോട് അനുബന്ധിച്ച് നാകപ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

8 ● പ. അമ്മയുടെ തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി നെടിയശാല ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

● ബഹു. ജോസ് വട്ടക്കുഴിയച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കല്ലൂർക്കാട് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

9 ● തലയനാട് ഇടവകാംഗമായ ജോഷി കിഴക്കൻപിള്ളിയുടെ നാലാമത്തെകുട്ടിയുടെ പ്രവേശകകൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

● കോതമംഗലം കത്തീഡ്രൽ ഹാളിൽ ഡി.എഫ്.സി. ഫൊറോന സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു.

10 ● രൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കുചേർന്നു.

11 ● തൃശൂർ അതിരൂപതാംഗവും വടവാതൂർ സെമിനാരിയിലെ അദ്ധ്യാപകനുമായിരുന്ന ബഹു. പോൾ മറോക്കിയച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

12 ● ഫാത്തിമ സന്ദേശയാത്രയുടെ കോതമംഗലം രൂപതയിലെ സ്വീകരണത്തിന്റെ ഭാഗമായി കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

13 ● കടവൂർ Love Home രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

● ഫാത്തിമ സന്ദേശയാത്രയുടെ ഭാഗമായി തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

14 ● സി.എം.സി. സന്ന്യാസിനി സമൂഹത്തിൽപ്പെട്ട സിസ്റ്റർ അൽബർത്ത പിട്ടാപ്പിള്ളിയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് ആരക്കുഴ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15 ● വൈദികരുടെ ആദ്യബാച്ച് വാർഷിക ധ്യാനത്തിന്റെ സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

16 ● ഇഞ്ചത്തൊട്ടി സെന്റ് മേരീസ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

20 ● എസ്.എച്ച്. സന്ന്യാസിനി സമൂഹത്തിൽപ്പെട്ട സിസ്റ്റർ ജെരാർഡ് വെട്ടുകല്ലേലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മൈലക്കൊമ്പ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

# Bishop's Engagements

## OCTOBER 2017

| | | | | |
|---|---|---|---|---|
| 1 | Sun | Pastoral Visit | Thommankuthu | |
| 2 | Mon | SAFE 5th Anniversary | Muvattupuzha | 10.30 am |
| | | Jubilee, ദമ്പതിസംഗമം | Muvattupuzha | 01.45 pm |
| 3 | Tue | St. Ephrem Institute Convocation | | 10.00 am |
| 4 | Wed | Holy Qurbana | Loretto Ashram Muvattupuzha | |
| 6 | Fri | Vallarpadam | Basilica Mission Congress | 10.00 am |
| 7 | Sat | Foundation Stone | Njayappilly | 07.00 am |
| 8 | Sun | Pastoral Visit | Peringuzha | |
| 10 | Thu | Meeting with the Major Seminarians | | 03.30 pm |
| 11 | Wed | Holy Qurbana | Ramapuram | 09.00 am |
| 12 | Thu | Final Profession | S.H. Congregation | 10.00 am |
| 13 | Fri | School Blessing & Inauguration | Karimannoor | 10.00 am |
| | | Holy Qurbana | Anapara | 06.00 pm |
| 14 | Sat | Golden Jubliee Mgr. George Kurukoor | Marady | 10.00 am |
| | | Meeting - DFC & All orgnizations of the Eparchy | Bishop's House | 03.00 pm |
| 15 | Sun | Pastoral Visit | Velielchal | |
| 16 | Mon | Holy Qurbana | S.H. Ayavana | 07.00 am |
| | | Bishops' Monthly Recollection | NESTT | |
| 17 | Tue | Bishops' Monthly Recollection | | |
| | | Annual day Meeting Snehasadan | Keerampara, | 03.00 pm |
| 18 | Wed | Upasana | Thodupuzha | 09.15 am |
| | | Golden Jubliee | Muthalakodam | 10.00 am |
| | | Mission League Rally | Thodupuzha | 03.00 pm |
| 19 | Thu | Holy Qurbana | Chittoor (EKM) | 11.00 am |
| 21 | Sat | Holy Qurbana | Aloor | 02.30 pm |
| | | Feast of St. Jude | Ettekar | 05.30 pm |

| | | | | |
|---|---|---|---|---|
| 22 | Sun | Pastoral Visit | Thodupuzha East | |
| 23-25 | | Engaged | | |
| 26 | Thu | F.C.C. Vestition | Karukadam | 10.00 am |
| 28 | Sat | Blessing of Altar | Karakunnam | 09.00 am |
| 29 | Sun | Deepika Jubilee Meeting | Muvattupuzha Karakunnam | 04.30 pm |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| മോൺ. ഫ്രാൻസിസ് തെക്കേക്കര | ചരമദിനം | 04-11-1963 |
| ഫാ. സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി | " | 04-11-1966 |
| ഫാ. ജെയിംസ് വെമ്പിള്ളി | " | 08-11-2016 |
| ഫാ. അബ്രാഹം കാഞ്ഞിരത്തിങ്കൽ | " | 09-11-1964 |
| ഫാ. മാത്യു തൊട്ടിയിൽ | " | 10-11-2000 |
| ഫാ. അബ്രാഹം മാളിയേക്കൽ | " | 12-11-1960 |
| ഫാ. ജോൺ വഴുതനപ്പിള്ളി | " | 21-11-1978 |
| ഫാ. മാത്യു വടക്കേക്കര | " | 21-11-2012 |
| ഫാ. ജോർജ് നെടുങ്ങാട്ട് | " | 22-11-1995 |
| ഫാ. അബ്രാഹം പുളിയ്ക്കൽ | " | 26-11-2014 |
| ഫാ. ജോർജ് തയ്യിൽ | " | 27-11-1962 |

## നിര്യാതയായി

### റവ. സി. പിയൂഷ മൈലയ്ക്കൽ CMC

**(വിമൽ ജ്യോതി രാജ്കോട്ട് റീജിയൻ)**

| | | |
|---|---|---|
| ഇടവക | : | മങ്കുവ |
| ജനനം | : | 17-03-1955 |
| ആദ്യവ്രതം | : | 26-12-1975 |
| നിത്യവ്രതം | : | 31-05-1982 |
| മരണം | : | 13-07-2017 |
| മൃതസംസ്കാരം | : | 15-07-2017 |

**(കോഴിപ്പിള്ളി പ്രൊവിൻഷ്യൽ ഹൗസ്)**

## റവ. സി. റോസിയസ് മാടശ്ശേരി CMC

**(വിമൽ ജ്യോതി രാജ്കോട്ട് റീജിയൻ)**

| | | |
|---|---|---|
| ഇടവക | : | മൂക്കന്നൂർ |
| ജനനം | : | 24-04-1927 |
| ആദ്യവ്രതം | : | 04-01-1953 |
| നിത്യവ്രതം | : | 16-05-1958 |
| മരണം | : | 30-07-2017 |
| മൃതസംസ്കാരം | : | 01-08-2017 |

## റവ. സി. ജെരാർദ്ദ് വെട്ടുകല്ലേൽ SH

| | | |
|---|---|---|
| ഇടവക | : | വണ്ടമറ്റം |
| ജനനം | : | 06-08-1934 |
| ആദ്യവ്രതം | : | 02-05-1958 |
| നിത്യവ്രതം | : | 02-05-1961 |
| മരണം | : | 17-09-2017 |
| മൃതസംസ്കാരം | : | 20-09-2017 |
| | | **(മൈലക്കൊമ്പ്)** |

Ref: 3042/K-5/KCBC/OL/DS 26.9.2017

## ധന്യയായ സി. റാണി മരിയ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (വി. ലൂക്കാ 4,18 – 19). 2017 നവംബർ 4 – ാം തീയതി വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്ന ധന്യയായ സി. റാണി മരിയയുടെ നാല്പത്തൊന്നു വർഷത്തെ ജീവിതവും പ്രവർത്തനങ്ങളും ഈ തിരുവചനത്തിൽ ആഴപ്പെട്ടതാണ്. യേശുനാഥന്റെ സ്നേഹപൂർവകമായ വിളിക്ക് ഔദാര്യത്തോടെ പ്രത്യുത്തരം നല്കിക്കൊണ്ട് സന്ന്യാസദൈവവിളിയിൽ വിശ്വസ്തതപുലർത്തുന്നതിനുള്ള ഒരു മഹനീയ മാതൃകയായി ഫ്രാൻസിസ്കൻ ക്ലാരസഭാംഗമായ സി. റാണി മരിയ നിലകൊള്ളുന്നു.

എറണാകുളം അങ്കമാലി അതിരൂപതയിൽ പുല്ലുവഴി ഇടവകയിലെ വട്ടാലിൽ കുടുംബത്തിൽ പൈലി, ഏലീശ്വ ദമ്പതികളുടെ ദ്വിതീയ സന്താനമായി 1954 ജനുവരി 29 – ന് സി. റാണി മരിയ ജനിച്ചു. ഫെബ്രുവരി 5 – ാം തീയതി, പുല്ലുവഴി സെന്റ് തോമസ് പള്ളിയിൽ മാമ്മോദീസാ സ്വീകരിക്കുകയും മറിയം എന്ന പേര് ലഭിക്കുകയും ചെയ്തു. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവവിശ്വാസത്തിലും സ്നേഹത്തിലും വളർത്തി കൊണ്ടു വന്നു. അവർ സ്റ്റീഫൻ, ആനീസ്, വർഗീസ്, ത്രേസ്യാമ്മ, സി. സെൽമി പോൾ, ലൂസി എന്നിവരാണ്. മറിയം എന്ന മേരിക്കുഞ്ഞ് 1961 – ൽ 7 – ാമത്തെ വയസ്സിൽ പ്രഥമ ദിവ്യകാരുണ്യവും 1966 – ൽ സ്ഥൈര്യലേപനവും സ്വീകരിച്ചു.

മേരിക്കുഞ്ഞ് സൽസ്വഭാവിയായ ഒരു ബാലികയായിരുന്നുവെന്നും അവൾ ലളിതമായ വസ്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നതെന്നും ആഭരണങ്ങൾ അണിയുന്നതിൽ താല്പര്യം ഉണ്ടായിരുന്നില്ല എന്നും സഹോദരൻ സ്റ്റീഫൻ പറയുന്നു. അവളുടെ വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ ആരെയും ഉപദ്രവിച്ചിരുന്നില്ല. എന്തെങ്കിലും തെറ്റുപറ്റിയാൽ അവൾ അതിന് ക്ഷമ ചോദിച്ചിരുന്നു. മാതാപിതാക്കൾ അവളിൽ അഭിമാനം കൊണ്ടിരുന്നു. മറ്റു കുഞ്ഞുങ്ങളിൽനിന്ന് വ്യത്യസ്തമായി അവൾക്കു നല്ല അനുസരണമുണ്ടായിരുന്നുവെന്ന് മകളെക്കുറിച്ച് അമ്മ ഏലീശ്വ പറയുന്നു.

1972 ജൂലൈ 3 – ാം തീയതി ഫ്രാൻസിസ്കൻ ക്ലാരസഭയുടെ എറണാകുളം തിരുഹൃദയ പ്രോവിൻസിൽ ചേരുന്നതിനായി മേരിക്കുഞ്ഞും ബന്ധു സിസിലിയും കിടങ്ങൂർ മഠത്തിൽ എത്തിച്ചേർന്നു. പരിശീലനത്തിനുശേഷം 1974 മെയ് 1 – ന് ആദ്യവ്രതവാഗ്ദാനം നടത്തി. 1975 – ൽ മിഷൻപ്രവർത്തനത്തിനായി ബിജ്നോർ രൂപതയിലേക്കയയ്ക്കപ്പെട്ടു. തീക്ഷ്ണതയോടുകൂടി, യേശുവിനെ അറിയാത്ത ജനങ്ങൾക്കിടയിൽ അവിടത്തേക്ക് സാക്ഷ്യംവഹിച്ചുകൊണ്ട് ജീവിച്ചു. 1980 മെയ് 22 – ന് നിത്യവ്രതവാഗ്ദാനം നടത്തി. 1982 – ൽ സാമൂഹ്യശാസ്ത്രത്തിൽ ബിരുദവും നേടി.

1983–ൽ സത്നാ രൂപതയിലെ ഓട്ഗഡിയിലേക്ക് സ്ഥലംമാറ്റപ്പെട്ടു. അവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനായി പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. ആത്യന്തികമായി ദൈവത്തിന്റെ സ്നേഹത്തിലേക്ക് ഏവരെയും ആനയിക്കുക എന്നതായിരുന്നു സിസ്റ്ററിന്റെ ലക്ഷ്യം. പ്രവർത്തനത്തിനിടയിൽ പലവിധ വെല്ലുവിളികളും എതിർപ്പുകളും നേരിടേണ്ടിവന്നു. അവിടെയെല്ലാം നഷ്ടധൈര്യയാകാതെ മുന്നേറുവാൻ ദിവ്യകാരുണ്യസന്നിധിയിൽനിന്ന് ശക്തി ആർജിച്ചിരുന്നു. "കർത്താവിനുവേണ്ടിയും അവിടത്തെ മക്കൾക്കുവേണ്ടിയും നന്മചെയ്യുമ്പോൾ നാം നിശിതമായി വിമർശിക്കപ്പെടാം. എതിർപ്പുകൾ ഉണ്ടാവാം, മരണം തന്നെയും സംഭവിക്കാം. എന്നാൽ നാം ധൈര്യമായി മുന്നോട്ടുപോകണം" എന്ന് സിസ്റ്റർ പറഞ്ഞിരുന്നു. കർത്താവിനെക്കുറിച്ച് ഒരു വാക്കെങ്കിലും ആരോടെങ്കിലും പറയാതെ ഒരു ദിവസംപോലും കടത്തിവിടരുത് എന്നതു സിസ്റ്ററിനു നിർബന്ധമായിരുന്നു. റാണി മരിയയുടെ നോവീസ് മിസ്ട്രസ്സ് സി. ഇൻഫെന്റ് മേരി പറയുന്നു "ആദ്ധ്യാത്മികതയിൽ കടഞ്ഞെടുത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു സി. റാണി മരിയ."

1992 മുതൽ ഇൻഡോർ രൂപതയിലെ ഉദയനഗർ ആയിരുന്നു റാണി മരിയയുടെ പ്രേഷിതരംഗം. സിസ്റ്ററിന്റെ ആഗമനം ഉദയനഗറിലെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഒരു പുതുജീവൻ പ്രദാനംചെയ്തു. വീരോചിതമായ ഉപവിപ്രവർത്തനങ്ങളിലൂടെ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാൻ പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്വാശ്രയസംഘങ്ങൾ, സഹകരണസംഘങ്ങൾ എന്നിവയിലൂടെ പലിശയില്ലാതെ പണം കടമെടുക്കുവാൻ അവരെ പ്രാപ്തരാക്കി. സാമൂഹികോന്നമനത്തിനായുള്ള സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ ആളുകളെ ആകർഷിച്ചു. അതു ചിലരെ ക്രൈസ്തവമതം സ്വീകരിക്കുന്നതിനും പ്രാപ്തരാക്കി. ജന്മിമാർക്കും പണം കടംകൊടുക്കൽ തൊഴിലാക്കിയിരുന്നവർക്കും വരുമാനം കുറയാൻ ഇതു കാരണമായി. അത് സിസ്റ്ററിനോട് അവർക്കു വെറുപ്പിനു കാരണമായിത്തീർന്നു. "സമർപ്പിതരായ നാം ഭയപ്പെട്ടിരുന്നാൽ ആരാണ് ഈ പാവങ്ങളുടെ കാര്യം നോക്കുക. അവരും നമ്മുടെ സഹോദരങ്ങളല്ലേ" എന്നു പറഞ്ഞ് സിസ്റ്റർ സമൂഹത്തിലെ സഹോദരിമാർക്ക് ഉന്മേഷം പകർന്നിരുന്നു. പാവങ്ങൾക്കുവേണ്ടി ജോലിചെയ്യുവാനാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഉറച്ച ബോദ്ധ്യം സി. റാണി മരിയയ്ക്കുണ്ടായിരുന്നു.

1994 ഡിസംബർമാസത്തിൽ സെമിലിഗ്രാമത്തിൽ ഉണ്ടായ ഒരു വഴക്ക് സമാധാനത്തിൽ തീർക്കാൻ സി. റാണി മരിയ പരിശ്രമിച്ചു. പക്ഷേ സിസ്റ്ററിന്റെ പരിശ്രമങ്ങളെല്ലാം വിഫലമായി. അത് പോലീസ് കേസായി മാറി. നിരപരാധികളായ പല കത്തോലിക്കരെയും ജയിലിൽ അടച്ചു. അവരെ ജയിലിൽ നിന്ന് മോചിപ്പിക്കുവാൻ സി. റാണി നടത്തിയ പരിശ്രമങ്ങൾ എതിരാളികളുടെ വൈരാഗ്യം വർദ്ധിക്കാൻ കാരണമായി. അത് സി. റാണി മരിയയുടെ കഥകഴിക്കണമെന്നുള്ള ഒരു തീരുമാനത്തിലേക്ക് അവരെ നയിച്ചു.

1995 ഫെബ്രുവരി 25–ന് സി. റാണി മരിയ ഉദയനഗറിൽനിന്ന് ഇൻഡോറിലേക്കുള്ള ബസ് യാത്രയ്ക്ക് ഇടയിൽ നച്ചൻബോർ മലയിൽ സഹയാത്രികർക്കുമുമ്പിൽ സമുന്ദർ സിംഗ് എന്ന വാടക കൊലയാളിയുടെ 54 കുത്തുകളേറ്റ് യേശു, യേശു എന്ന നാമം വിളിച്ചുകൊണ്ട് മരണമടഞ്ഞു. വിവരം അറിഞ്ഞയുടൻ ഇൻഡോർ ബിഷപ്പ് ജോർജ്ജ് ആനാത്തിലും ഏതാനും വൈദികരും കൂടി സ്ഥലത്ത് എത്തി മൃതശരീരം

പോലീസ് സ്റ്റേഷനിൽ എത്തിച്ചു. അനന്തര നടപടികൾക്കു ശേഷം മൃതശരീരം ഇൻഡോർ ബിഷപ്പ് ഹൗസിൽ പൊതു ദർശനത്തിനായി വച്ചു. ഫെബ്രുവരി 27–ന് 7 ബിഷപ്പുമാരും നൂറു കണക്കിന് വൈദികരും ആയിരക്കണക്കിന് ആളുകളും പങ്കെടുത്ത മൃതസംസ്കാര പ്രദക്ഷിണം 102 കിലോമീറ്റർ അകലെയുള്ള ഉദയനഗറിലേക്ക് 125 വാഹനങ്ങളിലായി നീങ്ങി. ഉദയ നഗർ പള്ളിയുടെ സമീപത്ത് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സി. റാണി മരിയയെ അടക്കംചെയ്തു.

ദിവ്യമണവാളനോടുള്ള വ്യക്തിപരമായ സ്നേഹമാണ് അവളുടെ പ്രേഷിതപ്രവർത്തനങ്ങളുടെ അന്തഃസത്തയായിരുന്നത്. ആ സ്നേഹത്താൽ പ്രേരിതയായി, അനുനിമിഷം തന്റെ ദിവ്യമണവാളനുമായി അനുരൂപപ്പെടുവാൻ തന്റെ അവസാനതുള്ളി രക്തവും ചിന്തി ജീവൻ അർപ്പിച്ചു. "സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ15,13) എന്ന തിരുവചനം സിസ്റ്ററിന്റെ കല്ലറയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധർക്ക് വേണ്ടിയുള്ള തിരുസംഘത്തിലെ 9 പേരടങ്ങുന്ന ദൈവശാസ്ത്ര കമ്മീഷൻ ഐകകണ്ഠേന സി. റാണിമരിയയുടെ രക്തസാക്ഷിത്വം അംഗീകരിച്ചു. അവർ ഇപ്രകാരം പ്രസ്താവിച്ചു. "വിശ്വാസത്തോടുള്ള വെറുപ്പ് പ്രഘോഷിക്കപ്പെടുന്ന സദ്വാർത്തയോടുള്ള വെറുപ്പിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. പിന്നെയോ അജപാലനപ്രവർത്തനത്തിലൂടെ ദൈവവചനത്തെ സമൂർത്തമാക്കുന്നവരിലേക്കും വ്യാപിക്കുന്നു."

സി. റാണി മരിയ കൊല്ലപ്പെട്ടത് രാഷ്ട്രീയമോ സാമ്പത്തികമോ സാമുദായികമോ ആയ കാര്യങ്ങൾക്കുവേണ്ടിയല്ല. പ്രത്യുത, അവളുടെ ആഴമായ ക്രൈസ്തവ വിശ്വാസത്തിൽനിന്ന് ഉതിർന്ന സ്നേഹം, സത്യം, നീതി എന്നീ ദൈവരാജ്യ മൂല്യങ്ങൾക്കു വേണ്ടിയാണ്. സി. റാണിമരിയയുടെ രക്തസാക്ഷിത്വത്തിന്റെ പിന്നിൽ വിവിധകാരണങ്ങൾ കാണാം – കൊല്ലുവാൻ പ്രേരിപ്പിച്ച ആളിന്റെ വ്യക്തിവൈരാഗ്യം, പാവങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന കാരുണ്യ പ്രവൃത്തികൾ, പാവപ്പെട്ട ആളുകളെ ക്രൈസ്തവ മതത്തിലേക്ക് മാനസാന്തരപ്പെടുത്തുന്നു എന്ന സംശയം എന്നിങ്ങനെ.

കേരള സഭയുടെ അഭിമാനപുത്രിയും ധീരരക്തസാക്ഷിയുമായ സി. റാണി മരിയയുടെ ജീവിതമാതൃകയും മാധ്യസ്ഥ്യശക്തിയും നമുക്ക് പ്രചോദനവും ശക്തിയുമാകട്ടെ. കേരളസഭാതനയരിൽ ഒരാൾകൂടി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നു എന്നത് നമുക്കേവർക്കും അഭിമാനാർഹമാണ്. വിശുദ്ധരുടെ ജീവിതവും മാധ്യസ്ഥ്യശക്തിയുമാണ് സഭയെ ബലപ്പെടുത്തുകയും കൂട്ടായ്മയിൽ ഉറപ്പിക്കുകയും ചെയ്യുന്നത്. സി. റാണി മരിയ വട്ടാലിൽ എഫ്.സി.സി., തന്റെ ജീവിതത്തിന്റെ അവസാനവർഷങ്ങൾ ചെലവഴിക്കുകയും 25 ഫെബ്രുവരി 1995–ന് രക്തസാക്ഷിമകുടം ചൂടുകയും ചെയ്ത ഇൻഡോറിൽ വച്ച് 2017 നവംബർ 4 രാവിലെ 10–ന് വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി നാമകരണം ചെയ്യപ്പെടും. പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധിയും കർദിനാളുമായ ആഞ്ചലോ അമാത്തോ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടക്കുന്ന വിശുദ്ധ കുർബാനമധ്യേയാണ് ദൈവദാസി സിസ്റ്റർ റാണിമരിയ വാഴ്ത്തപ്പെട്ടവളായി നാമകരണം ചെയ്യപ്പെടുന്നത്. തുടർന്ന്, 2017 നവംബർ 5–ന് സി. റാണി മരിയയുടെ സാമൂഹ്യ ശുശ്രൂഷകളുടെ അവസാന വേദിയായിരുന്ന ഉദയനഗറിൽ കൃതജ്ഞതാബലിയർപ്പണം നടക്കും.

2017 നവംബർ 11 ഉച്ചകഴിഞ്ഞ് 2.45–ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ

ആഘോഷമായ സമൂഹബലിയും തിരുശേഷിപ്പ് പ്രതിഷ്ഠയും നടക്കും. വിശുദ്ധ കുർബാന മദ്ധ്യേ, കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം വചനപ്രഘോഷണം നടത്തും. തുടർന്നു നടക്കുന്ന സമ്മേളനത്തിൽ സിബിസിഐ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുഗ്രഹപ്രഭാഷണം നടത്തും. നാഗ്പൂർ അതിരൂപതയുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ എബ്രഹാം വിരുതുകുളങ്ങര, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മദർ ജനറൽ സി. ആൻ ജോസഫ്, സി. സെൽമി പോൾ തുടങ്ങിയവർ അനുസ്മരണപ്രഭാഷണം നടത്തും. കേരളസഭയിലെ എല്ലാ വിശ്വാസികളും നേരിട്ടോ ആത്മീയമായോ ഈ കർമങ്ങളിൽ പങ്കെടുത്ത് ദൈവത്തിന് കൃതജ്ഞതയർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

"വിശ്വാസം മൂലം രക്തസാക്ഷികൾ തങ്ങളുടെ ജീവിതം സമർപ്പിച്ചു. സുവിശേഷത്തിന്റെ സത്യത്തിന് സാക്ഷ്യംവഹിച്ചുകൊണ്ട് അങ്ങനെ ചെയ്തു. ആ സത്യം അവരെ രൂപാന്തരപ്പെടുത്തി. സ്നേഹത്തിന്റെ ഏറ്റം വലിയ ദാനം നേടാൻ അത് അവരെ ശക്തരാക്കി. തങ്ങളെ പീഡിപ്പിച്ചവരോട് ക്ഷമിക്കാനുള്ള കഴിവാണ് ആ ദാനം." (വിശ്വാസത്തിന്റെ വാതിൽ, നമ്പർ 13). സിസ്റ്റർ റാണി മരിയയക്ക് ലഭിച്ച ഈ ദാനം തുടർന്ന്, സിസ്റ്ററിന്റെ കുടുംബാംഗങ്ങൾക്കും സഭാംഗങ്ങൾക്കും പകർന്നു ലഭിച്ചതായി കാണാം. ഭാരതത്തിൽ മാത്രമല്ല, വിദേശങ്ങളിൽപ്പോലും ഈ ക്ഷമിക്കുന്ന സ്നേഹത്തിന്റെ മാതൃക സ്വാധീനംചെലുത്തി. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35) എന്ന ദിവ്യനാഥന്റെ ആഹ്വാനം ജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മാതൃകയും പ്രചോദനവുമായി നിലകൊള്ളുന്ന ഈ കാലഘട്ടത്തിന്റെ പ്രവാചിക സി. റാണി മരിയായെ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തുന്നതിന് നല്ല ദൈവത്തിനു നമുക്കു നന്ദിപറയാം. "നമുക്കും അവനോടുകൂടി പോയി മരിക്കാം" എന്ന ഭാരത അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ വാക്കുകൾ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിക്കൊണ്ട് രക്തസാക്ഷിമകുടം ചൂടിയ വാഴ്ത്തപ്പെട്ട രക്തസാക്ഷി റാണി മരിയ നമുക്ക് അഭിമാനവും അനുഗ്രഹവുമായി ഭവിക്കട്ടെ.

സഹോദരരിൽ, വിശിഷ്യാ ദരിദ്രരിലും നിരാലംബരിലും യേശുവിനെ ദർശിച്ച് ശുശ്രൂഷ ചെയ്യുന്ന എല്ലാ പ്രേഷിതരെയും ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു. പ്രേഷിത തീക്ഷ്ണതയോടെയും സമർപ്പണ മനോഭാവത്തോടെയും സുവിശേഷപ്രഘോഷണം നടത്തുന്ന അനേകം പ്രേഷിതർ സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകുന്നതിന് ഇടയാകട്ടെ. ദൈവദാസി സി. റാണി മരിയയുടെ ഘാതകനോട് നിരുപാധികം ക്ഷമിച്ച് മാതൃക കാട്ടിയ വട്ടാലിൽ കുടുംബാംഗങ്ങളെപ്പോലെ മാതൃകാപരമായ കുടുംബജീവിതത്തിലൂടെ സഭയ്ക്കും സമൂഹത്തിനും ശക്തിപകരാൻ എല്ലാ കുടുംബങ്ങൾക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം, പ്രസിഡന്റ്, കെസിബിസി

ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്തം
വൈസ് പ്രസിഡന്റ്, കെസിബിസി

ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി – 682 025

N.B: 2017 ഒക്ടോബർ 22–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

Deivarajyam October 2017

I R.N.7623/63


Registered No. KL/ALY/0020/2017-2019 I R.N. 7623/1963


Date of publication: 1/10/2017


I Posted at Thodupuzha Stg.

Annual Subscription ₹ 100.00















Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691